Syro Malabar Commission for Liturgy



# നോമ്പ് മൂന്നാം ശനി (മത്താ 1: 18-25)

ജോസഫിനെ ‘നീതിമാൻ’ എന്നാണ് സുവിശേഷകൻ വിശേഷിപ്പിക്കുന്നത്. വിവാഹനിശ്ചയം കഴിഞ്ഞിരുന്ന മറിയം ഗർഭിണിയാണെന്ന് അറിയുമ്പോൾ അവളെ പരസ്യമായി ഉപേക്ഷിക്കാൻ ജോസഫ് തയ്യാറാവുന്നില്ല. ഒരു വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന യൗസേപ്പിതാവ് ദൈവസ്വരം കേൾക്കാൻ തന്നെത്തന്നെ വിട്ടുകൊടുക്കുകയാണ്. അതനുസരിച്ച് പ്രവർത്തിച്ചപ്പോൾ അവിടെ മിശിഹാ രൂപപ്പെടുകയാണ്. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളിൽ ദൈവസ്വരത്തിനു കാതോർക്കുമ്പോൾ അവിടെ മിശിഹാ രൂപപ്പെടും. നാം ദൈവികപദ്ധതിയുടെ ഭാഗമായി തീരുകയും ചെയ്യും. ദൈവിക പദ്ധതികൾക്ക് പിന്നിൽ ഒരു നിഴൽ മാത്രമായി നിന്നുകൊണ്ട് അവസാനം എന്തെന്ന് അറിയില്ലെങ്കിലും വിളിച്ചവന്റെ വിശ്വസ്തത തിരിച്ചറിഞ്ഞ് പ്രവർത്തിച്ച വി.യൗസേപ്പിതാവിനെ നമുക്ക് ഹൃദയത്തോട് ചേർത്തുവയ്ക്കാം. യൗസേപ്പിതാവിൽ വിളങ്ങിയിരുന്ന പുണ്യങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്താൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

തയ്യാറാക്കിയത്,
ബ്രദർ ജോബി പനച്ചിക്കൽ
19-03-2022

സീറോമലബാർആരാധനക്രമകമ്മീഷൻ
മൗണ്ട്സെന്റ്തോമസ്, കാക്കനാട്
Read more: wwwsyromalabarliturgy.org